11. ഐ.സി.ഡി.എസ്. സൂപ്പർവൈസർ-7990-12930

12. ഡയറി എക്സ്റ്റൻഷൻ ഓഫീസർ-11070-18450

13. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ-9190-15510

14. സീനിയർ വെറ്ററിനറി സർജൻ.-12250-19800

(സി) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുമായി താരതമ്യം ചെയ്യുമ്പോൾ വി.ഇ.ഒ-മാരുടെ ശമ്പള സ്കെയിൽ കുറവാണ്. എന്നാൽ മറ്റ് തസ്തികകളുടെ യോഗ്യതയും, ചുമതലകളും തികച്ചും വ്യത്യസ്തമാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന പ്രോജക്ടുകൾ ആണ് പ്രധാനമായും വി.ഇ.ഒ. മാർ നിർവ്വഹിക്കുന്നത്. പല ഗ്രാമപഞ്ചായത്തിലും പ്രസ്തുത പദ്ധതികൾക്കായി മാറ്റിവച്ചിരിക്കുന്ന തുകകൾക്ക് ഏകീകൃത സ്വഭാവമില്ലാത്തതുകൊണ്ട് കൃത്യമായ തുക പറയുവാൻ സാദ്ധ്യമല്ല.

(ഇ) ചില ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ സി.ഡി.എസ്-ന്റെ ചാർജ്ജ് ആഫീസറായി വി.ഇ.ഒ.-മാർ പ്രവർത്തിച്ചു വരുന്നു.

(എഫ്&ജി) ലഭിച്ചിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ നടത്തിയ പരിശീലന പരിപാടികൾ

179(387) ശ്രീ. എ. എം. യൂസഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഈ വർഷം നടത്തിയ പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിശീലന പരിപാടിയിൽ ഈ വർഷം എത്രപേർ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പരിശീലന പരിപാടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഇ) തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ചും അവയുടെ നിർവഹണത്തിൽ അവലംബിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചും കൈപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) പരിശീലന പരിപാടിയിൽ 2010 ഏപ്രിൽ മുതൽ 2010 ഡിസംബർ വരെ 38002 പേർ പങ്കെടുത്തിട്ടുണ്ട്.

(സി) തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർക്കുമുള്ള ഒന്നാം ഘട്ട സംസ്ഥാനതല പരിശീലനം പൂർത്തിയായി. ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കുള്ള പരിശീലനം ജില്ലാ കേന്ദ്രങ്ങളിൽ പൂർത്തിയായി. രണ്ടാംഘട്ട പരിശീലനം ഫെബ്രുവരി രണ്ടാം വാരം ആരംഭിക്കും. വനിതാ ജനപ്രതിനിധികൾക്ക് പ്രത്യേകമായി നേതൃത്വ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. വനിതാജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾക്കുള്ള പരിശീലനത്തിനായുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു.

(ഡി) പരിശീലന പരിപാടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പാഠ്യപദ്ധതിയും കൈപുസ്തകങ്ങളും തയ്യാറാക്കി പരിശീലനത്തിന് ഉപയോഗിക്കുന്നു.
2. പരിശീലകരുടെ കാര്യപ്രാപ്തി വികസനത്തിന് നിരന്തരമായ പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു.
3. പരിശീലനാനന്തരം കൈപുസ്തകങ്ങളും പഠനസഹായിയും വിതരണം ചെയ്യുന്നു.
4. പരിശീലന വിലയിരുത്തൽ നടത്തി പോരായ്മകൾ തിരുത്താനുള്ള ശില്പശാലകൾ, സംഘടിപ്പിക്കുകയും ഫാക്കൽറ്റികൾക്ക് ആവശ്യമായ പരിശീലനം നൽകിവരുകയും ചെയ്യുന്നു.
5. പരിശീലനം മെച്ചപ്പെടുത്തുന്നതിനായി ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

(ഇ) പ്രോജക്ട് മാനേജ്മെന്റ്, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട കൈപുസ്തകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അയച്ചു കൊടുത്തിട്ടുണ്ട്.

സച്ചാർ കമ്മീഷൻ ശിപാർശകളിൽ സ്വീകരിച്ച നടപടികൾ

180(388) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സച്ചാർ കമ്മീഷൻ ശിപാർശകളിൽ ഏതെല്ലാം സംസ്ഥാനത്ത് നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly